സി.ജി.(2)39920/16.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 24.01.2017.

# സർക്കുലർ നമ്പർ 8 /2017.

വിഷയം: സഹകരണ വകുപ്പ്- കാർഷിക വായ്പകൾക്കുള്ള രണ്ട് മാസത്തെ പലിശയിളവ് സംബന്ധിച്ച്

സൂചന:
1. 11.01.2017 ലെ 09/ഡി.ഒ.ആർ-02/2017/നമ്പർ നബാർഡ് സർക്കുലർ
2. 19.01.2017 ലെ എൻ.ബി-ഡി.ഒ.ആർ-എസ്.റ്റി (എം.ഒ. എൻ)/3924-എം 21(വെയ്‌വർ) 2016-17 നമ്പർ ഇണ്ടാസ്.
3. സഹകരണസംഘം രജിസ്ട്രാറുടെ 4/17 നമ്പർ സർക്കുലർ.

......

സഹകരണ സംഘങ്ങൾ/ബാങ്കുകൾ 7 ശതമാനം പലിശ നിരക്കിൽ 01.04.2016 മുതൽ 30.09.2016 വരെ വിതരണം ചെയ്തിരുന്ന 3 ലക്ഷം രൂപാ വരെയുള്ള കാർഷിക വായ്പകളിൽ 01.11.2016 മുതൽ 31.12.2016 വരെയുള്ള കാലയളവിൽ ബാക്കിനിൽക്കുന്ന വായ്പകൾക്ക് 01.11.2016 മുതൽ 31.12.2016 വരെയുള്ള രണ്ട് മാസകാലയളവിലെ പലിശ ബാധ്യത ഒഴിവാക്കി സൂചന പ്രകാരം നബാർഡ് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സഹകരണ സംഘങ്ങൾ/ബാങ്കുകൾ 7 ശതമാനം പലിശനിരക്കിൽ 01.04.2016 മുതൽ 30.09.2016 വരെ വിതരണം ചെയ്തിരുന്ന 3 ലക്ഷം രൂപാ വരെയുള്ള കാർഷിക വായ്പകളിൽ 01.11.2016 മുതൽ 31.12.2016 വരെയുള്ള കാലയളവിൽ ബാക്കിനിന്നിരുന്ന വായ്പകൾക്ക് 01.11.2016 മുതൽ 31.12.2016 വരെ ഉള്ള 2 മാസകാലയളവിലെ പലിശ ആനുകൂല്യത്തിന് അർഹമായ വായ്പകളെ സംബന്ധിച്ച വിവരങ്ങൾ നബാർഡ് മാർഗ്ഗ നിർദ്ദേശത്തിന് അനുസൃതമായി തയ്യാറാക്കി നിശ്ചിത സമയപരിധിയ്ക്കകം നബാർഡിന് സമർപ്പിക്കേണ്ടതാണ്. ടി വായ്പകളിൽ 01.11.2016 നും 31.12.2016 നും ഇടയ്ക്ക് തിരിച്ചടച്ച വായ്പകൾക്ക് 01.11.2016 മുതൽ തിരിച്ചടച്ച തീയതി വരെ മാത്രമേ പലിശ ഇളവിന് അർഹതയുണ്ടാകൂ.

സൂചന(3) സർക്കുലറിൽ പരാമർശിക്കുന്ന പലിശയിളവിന് ടി വായ്പകൾക്കും അർഹതയുണ്ടായിരിക്കും.

ആനുകൂല്യത്തിന് അർഹതയുള്ള വായ്പകളിൻമേൽ പലിശയിളവ് ആനുകൂല്യം സഹകരണ സംഘങ്ങൾ/ബാങ്കുകൾ വരവ് വച്ച് നൽകിയ ശേഷമാണ് ആനുകൂല്യത്തിനായി നബാർഡിന് ക്ലയിം സമർപ്പിക്കേണ്ടത്. 28.02.2017 ന് മുൻപായി നടപടിക്രമം പൂർത്തിയാക്കേണ്ടതാണ്.

സംഘങ്ങളുടെ/ബാങ്കുകളുടെ ആനുകൂല്യപട്ടികയിൻമേൽ ബന്ധപ്പെട്ട വകുപ്പുതല ആഡിറ്റർ/കൺകറന്റ് ആഡിറ്റർ നബാർഡ് മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

സൂചന (2) മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും പ്രാഥമിക സഹകരണ സംഘങ്ങളും / ബാങ്കുകളും, നടപടി സ്വീകരിക്കേണ്ടതുമാണ്.

മേൽനിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും പാലിക്കേണ്ടതും, പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒപ്പ്,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ/ജോയിന്റ് ഡയറക്ടർമാർ (ജനറൽ & ആഡിറ്റ്) മാർക്കും.
2. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
3. മാനേജിംഗ് ഡയറക്ടർ<br>കേരള സംസ്ഥാന സഹകരണ ബാങ്ക്/ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. സെക്രട്ടറി, കേരള കർഷക കടാശ്വാസ കമ്മീഷൻ.
5. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
6. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർമാർക്കും.
7. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) /അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) - ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ മുഖേന.

8. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ. (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
10. എഡിറ്റർ, സഹകരണ വീഥി / സഹകരണ ജേർണൽ
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
12. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
13. സ്റ്റോക്ക് ഫയൽ/സ്പെയർ
14. വെബ്സൈറ്റ്

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)